5. പെൻഷനു് കണക്കാക്കുന്നതിനു് അവസാനത്തെ 12 മാസത്തെ ശരാശരി ശമ്പളം എന്നുള്ളതു് പത്തു മാസത്തെ ശരാശരി ശമ്പളം എന്നാക്കി ചുരുക്കുന്നതാണു്.

6. ഫാമിലി പെൻഷൻതുകയിലും വർദ്ധനവു് അനുവദിക്കുന്നതാണു്.

സംസ്ഥാനത്തെ എല്ലാ പെൻഷൻകാർക്കും, പെൻഷൻ തുകയുടെ 12 ശതമാനം ക്ഷാമബത്ത അനുവദിക്കുന്നതാണു്. ഏറ്റവും ചുരുങ്ങിയതു് 15 രൂപയും ഏറ്റവും കൂടിയതു് 75 രൂപയുമായിരിക്കും.

ഈ ആനുകൂല്യങ്ങളെല്ലാം 1.7.1978 മുതൽ അനുവദിക്കുന്നതാണു്. ഇതുമൂലം ഒരു വർഷത്തിൽ ഉദ്ദേശം നാലുകോടി രൂപയുടെ അധികച്ചെലവുണ്ടായിരിക്കും.

പാർട്ടു് ടൈം കണ്ടിൻജൻസി ജീവനക്കാർക്കു് ഗ്രാറ്റുവിറ്റി

പാർട്ടുടൈം കണ്ടിൻജൻസി ജീവനക്കാർ പിരിഞ്ഞു പോകുമ്പോഴും ഇന്നു് അവർക്കു് യാതൊരുവിധ ആനുകൂല്യങ്ങളും കിട്ടുന്നില്ല. അവർക്കു് ഇപ്പോഴും സർവ്വീസിൽനിന്നും പിരിഞ്ഞു പോകുന്നതിനു് പ്രായപരിധി നിശ്ചയിച്ചിട്ടില്ല. അപ്രകാരം ഒരു പരിധി നിശ്ചയിച്ചു് പിരിഞ്ഞു പോകുമ്പോഴും ഗ്രാറ്റുവിറ്റി നല്കുന്ന കാര്യം പരിഗണിക്കുന്നതാണു്.

അഗതികൾക്കുള്ള പെൻഷനിൽ വർദ്ധനവു്

അഗതികൾക്കു കൊടുത്തു കൊണ്ടിരിക്കുന്ന പെൻഷൻ 45 രൂപയായി ഉയർത്തുന്നതാണു്. ഇതുമൂലം 50 ലക്ഷം രൂപയുടെ അധികച്ചെലവുണ്ടാകുന്നതാണു്.

അച്ഛനമ്മമാരില്ലാത്ത പെൺകുട്ടികളുടെ വിവാഹത്തിനു ധനസഹായം

നിർദ്ധനരായ വിധവകളുടെ പെൺകുട്ടികളെ വിവാഹം ചെയ്തു കൊടുക്കുന്നതിലേക്കു് ആയിരം രൂപ സഹായധനം ഇപ്പോൾ നല്കിവരുന്നുണ്ടല്ലോ. ഈ സഹായധനം അച്ഛനമ്മമാർ ഇല്ലാത്ത നിർദ്ധനരായ പെൺകുട്ടികളുടെ വിവാഹത്തിനും ലഭ്യമാക്കും.

സ്വാതന്ത്ര്യ സമരസേനാനികൾക്കുള്ള പെൻഷനിൽ വർദ്ധന

കേരളത്തിലെ സ്വാതന്ത്ര്യ സമരസേനാനികൾക്കു് ഇപ്പോൾ കൊടുത്തു കൊണ്ടിരിക്കുന്ന പെൻഷൻ 50 രൂപയിൽനിന്നു് 75 രൂപയായി വർദ്ധിപ്പിക്കും. ഇതുമൂലമുണ്ടാകുന്ന അധികച്ചെലവു് ഒരു വർഷത്തിൽ 30 ലക്ഷം രൂപയാണു്.

LIBRARY ARCHIVES Kerala Legislative Assembly